23.10.2024

# ജൂബിലിയിൽ റാബീസ് ദിനം ആചരിച്ചു

ലോക റാബീസ് ദിനത്തോടനുബന്ധിച്ച് തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഫോട്ടോഗ്രാഫി മത്സരം നടത്തി. കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നും പങ്കെടുത്തവരിൽ നിന്നും മൂന്നു വിജയികളെ തിരഞ്ഞെടുത്തു. സലിം എം. കെ. ഒന്നാം സ്ഥാനവും അനിത അജയ് രണ്ടാം സ്ഥാനവും മിനി അജ്മൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികളെ അനുമോദിക്കുന്നതിനും സമ്മാനദാനത്തിനുമായി നടത്തിയ ചടങ്ങിൽ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവി ഡോ. ജോ. തോമസ് സ്വാഗതം പറഞ്ഞു. കമ്മ്യൂണിറ്റി മെഡിസിൻ അസോ. പ്രൊഫസർ ഡോ. പൊന്നു ജോസ് റാബീസ് ദിന സന്ദേശത്തെകുറിച്ചും പ്രധാന്യത്തെകുറിച്ചും സംസാരിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പാൾ ഡോ. പത്മകുമാർ പരിപാടിക്ക് ആശംസകളർപ്പിച്ച് സംസാരിച്ചു. ജെ.എം.ജെ. ഫിനാൻസ് ജനറൽ മാനേജർ ശ്രീ ഡയസ് മാത്യു, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് അസി. ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി എന്നിവർ സമ്മാനദാനം നിർവ്വഹിച്ചു.